**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **27-07-2021 - ൽ മറുപടിയ്ക്ക്**

**അസാപ് സ്കിൽപാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ വെള്ളിയൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ അനുവദിച്ച് പ്രവൃത്തി ഉദ്ഘാടനം ചെയ്ത അസാപ് സ്കിൽപാർക്ക് പ്രസ്തുത സ്കൂളിനുണ്ടാകാനിടയുള്ള അസൗകര്യം കാരണം എടരിക്കോട് പഞ്ചായത്തിലെ പുതുപ്പറമ്പ് ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ? | (എ) | എ.ഡി.ബി. യുടെ സഹായത്തോടെ തുടങ്ങിയ അസാപ് എന്ന പദ്ധതിയിൽ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ (സി.എസ്.പി.) നിർമ്മിക്കുവാൻ തീരുമാനമായിരുന്നു. തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂരിൽ നിർമ്മാണം ആരംഭിച്ച സി.എസ്.പി. പ്രാദേശിക എതിർപ്പ് കാരണം മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചില്ല. സമയബന്ധിതമായി പണി കഴിപ്പിക്കേണ്ടിയിരുന്ന ഈ പദ്ധതി, സി.എസ്.പി. നിർമ്മിക്കുവാനുള്ള ഭൂമി അസാപ്പിനു വിട്ടു കിട്ടിയ മുൻഗണനാക്രമത്തിൽ ആരംഭിക്കുകയായിരുന്നു. 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ പണി പൂർത്തീകരിച്ചു കഴിഞ്ഞു. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പുതിയ സി.എസ്.പി. കൾ തുടങ്ങുവാൻ എ.ഡി.ബി. യുടെ അനുമതി ഇല്ല. അതിനാൽ എടരിക്കോട് പഞ്ചായത്ത് പുതുപ്പറമ്പ് ഗവ. വനിതാ പോളിടെക്നിക്കിന്റെ സ്ഥലത്ത് സി.എസ്.പി. നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ